ഡ്രെയിനേജ് ആംഗിൾ പൂർണ്ണമായും തടസ്സപ്പെടുകയാണെങ്കിൽ, നേത്രമർദ്ദം പെട്ടെന്ന് ഉയരുകയും ക്ലോസ്ഡ് ആംഗിൾ ഗ്ലോക്കോമ ബാധിക്കുന്നതിനിടയാകുകയും ചെയ്യും. രോഗബാധയുടെ ലക്ഷണങ്ങളിൽ ഇനി പറയുന്നവ ഉൾപ്പെടുന്നു: കണ്ണിലോ പുരികത്തിലോ കടുത്ത വേദന, കാഴ്ചക്കുറവ്/മങ്ങിയ കാഴ്ച, തലവേദന. മനംപിരട്ടൽ, മഴവില്ലോ വർണ്ണം നിറഞ്ഞ വലയങ്ങളോ കാണുന്നത്.
അത്തരം അവസ്ഥയുണ്ടാകുമ്പോൾ അടിയന്തിരമായി അതിന് ചികിത്സ തേടേണ്ടതാണ്.



### എക്സ്ഫോളിയേഷൻ ഗ്ലോക്കോമ

തീരെ ചെറിയ പ്രോട്ടീൻ നാരുകൾ കൂടിച്ചേർന്ന്, അത് അക്വസ് ഹ്യൂമർ പുറത്തേക്ക് പോകുന്നത് തടയുകയും തുടർന്ന് ഇത് മർദ്ദം വർദ്ധിപ്പിക്കുന്നതിന് ഇടയാകുകയും ചെയ്യുന്നു.


### കൺജെനിറ്റൽ ഗ്ലോക്കോമ

കുഞ്ഞുങ്ങളിലും കുട്ടികളിലും വളരെ വിരളമായി ഉണ്ടാകുന്ന ഒരു തരം ഗ്ലോക്കോമയാണിത്, ഇത് പാരമ്പര്യമായി ഉണ്ടാകുന്നതുമാകാം. ഇത് കണ്ടെത്തി നേരത്തെ തന്നെ ചികിത്സിച്ചില്ലെങ്കിൽ അന്ധതയിലേക്ക് നയിച്ചേക്കാം.

### ദ്വിതീയ ഗ്ലോക്കോമ

ഇത് കണ്ണിനുണ്ടായ മറ്റേതെങ്കിലും അവസ്ഥകളുടെയോ രോഗത്തിന്റെയോ ഫലമായുണ്ടാകുന്ന ഒരു തരം ഗ്ലോക്കോമയാണ്. ഉദാഹരണത്തിന്, ഇത് കണ്ണിലുണ്ടായ പരിക്ക് കാരണമോ ദീർഘകാലം കണ്ണിൽ സ്റ്റിറോയ്ഡ് ഉപയോഗിച്ചതിനാലോ മുഴകാരണമോ ഉണ്ടാകാം.

## ഗ്ലോക്കോമ തിരിച്ചറിയുന്നതെങ്ങനെയാണ് ?




ഗ്ലോക്കോമയിലെ പ്രധാനപ്രശ്നങ്ങളിലൊന്ന്, പ്രധാനമായും ഓപ്പൺ ആംഗിൾ ഗ്ലോക്കോമയിൽ തുടക്കത്തിൽ പ്രത്യേകിച്ച് ലക്ഷണങ്ങളൊന്നും കാണുകയില്ല. ഗ്ലോക്കോമയുള്ള മിക്കയാളുകളും തങ്ങൾക്ക് ആ രോഗമുള്ള വിവരം അറിയാതെ പോകാറുണ്ട്. അതിനാൽ തന്നെ പ്രായമേറുന്തോറും ഒരു ഓഫ്താൽമോളജിസ്റ്റിനെ സമീപിച്ച് പതിവായി കണ്ണ് പരിശോധന നടത്തേണ്ടത് പ്രധാനമാണ്.
വിശദമായ ഗ്ലോക്കോമ പരിശോധനയിൽ ഇനിപ്പറയുന്ന പരിശോധനകൾ ഉൾപ്പെട്ടിരിക്കുന്നു.

- ടോണോമെട്രി: നേത്ര മർദ്ദം കണക്കാക്കൽ.
- ഗോണിയോസ്കോപ്പി: കണ്ണിന്റെ ഡ്രെയിനേജ് ആംഗിൾ പരിശോധന.
- ഓഫ്താൽമോസ്കോപ്പി: നേത്രനാഡിയുടെ പരിശോധന.
- കാഴ്ചാ പരിശോധന: പാർശ്വ / പെരിഫറൽ വീക്ഷണം.
- പാച്ചിമെട്രി : കോർണിയയുടെ കനം കണക്കാക്കൽ.

## ഗ്ലോക്കോമയ്ക്കുള്ള ചികിത്സ എന്താണ് ?

ഗ്ലോക്കോമയുള്ള ഒരു രോഗിയുടെ ചികിത്സ ഗ്ലോക്കോമയുടെ തരം, രോഗത്തിന്റെ ഗുരുതരാവസ്ഥ, അത് ചികിത്സയോട് പ്രതികരിക്കുന്ന രീതി എന്നിവ അടിസ്ഥാനമാക്കി ചികിത്സിക്കുന്നതെങ്ങനെയാണ്. ഒരിക്കൽ കാഴ്ച നഷ്ടപ്പെട്ടാൽ അത് തിരികെ നേടാനാകുന്നതല്ല, എങ്കിലും നിർദ്ദേശിച്ചിരിക്കുന്ന മരുന്നുകൾ കഴിയുന്നതിലൂടെയും പതിവായി നേത്ര പരിശോധന നടത്തുന്നതിലൂടെയും കാഴ്ച നഷ്ടപ്പെടുന്നത് തടയാനാകും.
ഗ്ലോക്കോമ ചികിത്സിക്കുന്നതിനുള്ള ഏറ്റവും സാധാരണ മാർഗ്ഗമെന്നത് മരുന്നായി നിർദ്ദേശിച്ചിട്ടുള്ള കണ്ണിലൊഴിക്കുന്ന മരുന്നുകളാണ്. ഈ മരുന്നുകൾ ഒന്നുകിൽ അക്വസ് ഹ്യൂമറിന്റെ ഉൽപ്പാദനം മന്ദഗതിയിലാക്കികൊണ്ടോ അതിന്റെ നിർഗ്ഗമനം മെച്ചപ്പെടുത്തികൊണ്ടോ നേത്ര മർദ്ദത്തെ രണ്ടു രീതിയിൽ കുറയ്ക്കുന്നു.
കണ്ണിലൊഴിക്കേണ്ട ഈ മരുന്നുകൾ ഓഫ്താൽമോളജിസ്റ്റ് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം എല്ലാ ദിവസവും പതിവായി ഒഴിക്കേണ്ടതാണ്. ഇത്തരം മരുന്നുകൾ ഡോക്ടർ നിർദ്ദേശിച്ചല്ലാതെ മാറ്റുകയോ അത് അവസാനിപ്പിക്കുകയോ ചെയ്യരുത്.
ചില രോഗികളിൽ ശസ്ത്രക്രിയ നടത്തേണ്ടതായി വന്നേക്കാം.
ഇക്കാര്യത്തിൽ നിങ്ങളുടെ ഓഫ്താൽമോളജിസ്റ്റിന് കൃത്യമായ നിർദ്ദേശം നൽകാനായേക്കാം.




**റോഷൻ ഐ കെയർ ഹോസ്പിറ്റൽ**

മെയിൻ റോഡ്, എസ്. എൻ. ജംഗ്ഷൻ,
തൃപ്പൂണിത്തുറ
ഫോൺ : 0484 2774701

# ഗ്ലോക്കോമയെക്കുറിച്ച് അറിയുക




**ROSHAN EYE CARE HOSPITAL**

From Darkness to LIGHT

E-mail : roshaneyecare@yahoo.com
Web : www.roshaneyecare.com


## നമ്മൾ കാണുന്നതെങ്ങനെയാണ് ?




ഒരു വസ്തുവിൽനിന്നുള്ളപ്രകാശം കോർണിയയിലൂടെയും ലെൻസിലൂടെയും കടന്ന് കണ്ണിന് പിൻഭാഗത്തുള്ള പ്രകാശസംവേദനക്ഷമവും അതിലോല പടലവുമായ റെറ്റിനയിലെത്തുമ്പോഴാണ് നമുക്ക് ആ വസ്തുവിനെ കാണാനാകുന്നത്.

റെറ്റിനയെ നേത്രനാഡിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. നിരവധി വയറുകളാൽ നിർമ്മിക്കപ്പെട്ട, ഒരു ഇലക്ട്രിക് കേബിൾ പോലെ നിരവധി നാഡി നാരുകളാൽ നിർമ്മിക്കപ്പെട്ടതാണ് നേത്രനാഡി. ഈ നേത്രനാഡി റെറ്റിനയിൽനിന്ന് മസ്തിഷ്കത്തിലേക്ക് ആവേഗങ്ങൾ അയച്ച്, അവിടെവച്ച് ഈ ആവേഗങ്ങൾ നമ്മൾ കാണുന്ന ചിത്രങ്ങളായി പരിവർത്തനം ചെയ്യുന്നു.

## എന്താണ് ഗ്ലോക്കോമ ?




കണ്ണിലെ നേത്രനാഡിക്ക് കേടുപാടകളേൽപിക്കുന്ന ഒരു രോഗമാണ് ഗ്ലോക്കോമ.
ആരോഗ്യകരമായ കണ്ണിൽ, കണ്ണിനുള്ളിൽ മുൻഭാഗത്ത് അക്വസ് ഹ്യൂമർ എന്ന ശുദ്ധമായദ്രവം നിറഞ്ഞിരിക്കുന്നു. സ്ഥിരമായതും ആരോഗ്യകരമായതുമായ നേത്രമർദ്ദം പരിപാലിക്കുന്നതിന്, തുല്യമായ അളവിൽ അക്വസ് ഹ്യൂമർ ദ്രവം കണ്ണിനുപുറത്തേക്ക് ഒഴുകുമ്പോൾ കണ്ണ് ചെറിയ തോതിൽ ഈ ദ്രവം തുടർച്ചയായി ഉൽപ്പാദിപ്പിക്കുന്നു. അക്വസ് ഹ്യൂമർ അധികമായി ഉൽപ്പാദിപ്പിക്കപ്പെടുകയാണെങ്കിലോ അത് ശരിയായ വിധം പുറത്തേക്കൊഴുകാതിരിക്കുകയാണെങ്കിലോ, കണ്ണിലെ ദ്രവത്തിന്റെ മർദ്ദം വർദ്ധിക്കുകയും അത് കാലക്രമേണ നേത്രനാഡിയെ തകരാറിലാക്കുകയും ചെയ്യും. ഗ്ലോക്കോമക്ക് സാധാരണയായി മുൻകൂട്ടി എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടാകില്ല. ഈ രോഗം വളരെ സാവധാനം മൂർച്ഛിക്കുകയും അത് ക്രമേണ കാഴ്ചയെതന്നെ നഷ്ടപ്പെടുത്തുകയും ചെയ്തേക്കാം. എന്നാൽ നേരത്തേതന്നെ രോഗം കണ്ടെത്തുന്നതും ചികിത്സ നേടുന്നതും കാഴ്ച നഷ്ടപ്പെടാതിരിക്കാൻ സഹായിക്കുന്നു.

## എന്തൊക്കെയാണ് ഗ്ലോക്കോമയുടെ സൂചനകളും ലക്ഷണങ്ങളും ?



ആദ്യ ഘട്ടങ്ങളിൽ, ഓപ്പൺ ആംഗിൾ ഗ്ലോക്കോമക്ക് പ്രകടമായ ലക്ഷണങ്ങളൊന്നും കാണില്ല. എന്നാൽ രോഗാവസ്ഥ വർദ്ധിക്കുന്നതിനനുസരിച്ച് കണ്ണിനു കൂടുതൽ തകരാറുണ്ടാകുകയും പെരിഫറൽ (പാർശ്വ) വീക്ഷണത്തിൽ കറുത്തപാടുകൾ ഉണ്ടാകുകയും ചെയ്യുന്നു. നേത്രനാഡിക്ക് ഗുരുതരമായി തകരാർ സംഭവിക്കുന്നതുവരെ ഈ പാടുകൾ തിരിച്ചറിയാനായേക്കില്ല. കൂടുതൽ ഗുരുതരമാകുന്ന ഘട്ടങ്ങളിൽ, അത് ടണൽ കാഴ്ചയിലേക്ക് നയിക്കുകയും അതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താതെയും ശരിയായ വിധം ചികിത്സ നേടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അന്ധതയിലേക്ക് നയിക്കുകയും ചെയ്യും.
അതുകൊണ്ട് ഓഫ്താൽമോളജിസ്റ്റിനെ പതിവായി സന്ദർശിച്ച് പരിശോധനകൾ നടത്തേണ്ടത് വളരെ പ്രധാനമാണ്.


## ഗ്ലോക്കോമ വരാനുള്ള സാധ്യത ആർക്കൊക്കെയാണ് ?

ഗ്ലോക്കോമയുടെ അപകട സാധ്യതയിൽ ഉൾപ്പെടുന്നവ:

- പ്രായം
- കുടുംബത്തിൽ ഗ്ലോക്കോമയുടെ രോഗപശ്ചാത്തലം
- ആഫ്രിക്കൻ അല്ലെങ്കിൽ ഹിസ്പാനിക് വംശപാരമ്പര്യം
- ദീർഘദൃഷ്ടി അല്ലെങ്കിൽ ഹ്രസ്വദൃഷ്ടി
- ഉയർന്ന നേത്രമർദ്ദം
- മുമ്പ് കണ്ണിലുണ്ടായിട്ടുള്ള പരിക്ക്
- കോർണിയയുടെ (കൃഷ്ണമണിയെയും നിറമുള്ള മറയായ ഐറിസിനെയും ആവരണം ചെയ്തിരിക്കുന്ന വ്യക്തമായ മുൻഭാഗം) ഭാഗം നേർത്ത രീതിയിലുള്ളത്.
- വിവിധതരം മൈഗ്രെയ്നുകൾ, പ്രമേഹം, കുറഞ്ഞ രക്തസമ്മർദ്ദം എന്നിവ പോലെ രക്തപ്രവാഹത്തെ ബാധിക്കുന്ന അവസ്ഥകൾ.


## വ്യത്യസ്ത തരം ഗ്ലോക്കോമ ഏതൊക്കെയാണ് ?

പ്രാഥമിക ഓപ്പൺ ആംഗിൾ ഗ്ലോക്കോമ




ഇത് വളരെ സാധാരണയായി കാണപ്പെടുന്ന ഒരു തരം ഗ്ലോക്കോമയാണ്. ദ്രവം നീക്കം ചെയ്യുന്നതിൽ കണ്ണിന്റെ ട്രബിക്കുലർ മെഷ് വർക്കിന്റെ ക്ഷമത ക്രമേണ കുറയുമ്പോഴാണ് ഇത് സംഭവിക്കുന്നത്.

ഇത് സംഭവിക്കുമ്പോൾ, നേത്ര മർദ്ദം (ഇൻട്രാക്യുലർ മർദ്ദം, IOP എന്നു പറയുന്നു) ഉയരുന്നു. ഉയർന്ന നേത്രമർദ്ദം നേത്രനാഡിക്ക് തകരാർ വരുത്തുന്നു.
നേത്രനാഡിയ്ക്ക് സംഭവിക്കുന്ന തകരാർ ഓരോരുത്തരിലും വ്യത്യസ്ത തരത്തിലുള്ള നേത്ര മർദ്ദമുണ്ടാക്കുന്നു. ഓഫ്താൽ മോളജസിറ്റ് ഒരു വ്യക്തിയ്ക്ക് വേണ്ട കൃത്യമായ മർദ്ദം നിർണ്ണയിക്കുന്നത്, അവന്റെയോ/ അവളുടെയോ നേത്രനാഡിയെ കൂടുതൽ കേടുപാടുകളുണ്ടാക്കുന്നതിൽ നിന്നും പരിരക്ഷിക്കും. ഓരോരുത്തർക്കം വ്യത്യസ്ത തരം മർദ്ദമായിരിക്കും ഉണ്ടായിരിക്കുക.



## നോർമൽ ടെൻഷൻ ഗ്ലോക്കോമ

ഈ അവസ്ഥയിൽ നേത്രമർദ്ദം, സ്ഥിരമായി സാധാരണ നേത്രമർദ്ദമായ 21ാാ വഴ ൽ താഴെയാണെങ്കിൽ നേത്രനാഡിക്ക് കേടു സംഭവിക്കാം. അവർക്ക് സാധാരണയായി ഓപ്പൺആംഗിൾ ഗ്ലോക്കോമക്കായി ഉപയോഗിക്കുന്ന അതെ ചികിത്സ തന്നെയാണ് ലഭിക്കുക.


## എന്താണ് ഒക്യുലർ ഹൈപ്പർ ടെൻഷൻ ?

ഈ അവസ്ഥയിൽ, ഒരു കണ്ണിൽ നേത്രമർദ്ദം സാധാരണയുള്ളതിനേക്കാൾ കൂടുതലായിരിക്കും, എന്നാൽ ഇത് നേത്രനാഡിക്ക് എന്തെങ്കിലും തകരാർ ഉള്ളതായോ ഗ്ലോക്കോമയുടെ ലക്ഷണങ്ങൾ എന്തെങ്കിലുമോ കാണിക്കുകയില്ല. ഇത്തരം അവസ്ഥയുള്ള ആളുകൾക്ക് നേത്രനാഡിക്ക് തകരാർ സംഭവിക്കാനോ ഗ്ലോക്കോമയുണ്ടാകാനോ കൂടുതൽ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചി, അവർ ഉചിതമായ ചികിത്സക്ക് വിധേയരാകേണ്ടതാണ്.

## നേത്ര മർദ്ദം വർദ്ധിക്കാതെ തന്നെ ഒരാൾക്ക് ഗ്ലോക്കോമയുണ്ടാകുമോ ?

ഉണ്ടാകും, ചില ആളുകളിൽ നേത്രമർദ്ദം , സ്ഥിരമായി സാധാരണ നേത്രമർദ്ദമായ 21mm Hg ൽ താഴെയാണെങ്കിൽ നേത്രനാഡിക്ക് കേടുസംഭവിക്കാം. അവർക്ക് നോർമൽ ടെൻഷൻ ഗ്ലോക്കോമ ബാധിക്കാം. അവർക്ക് സാധാരണയായി ഓപ്പൺആംഗിൾ ഗ്ലോക്കോമക്കായി ഉപയോഗിക്കുന്ന അതേ ചികിത്സ തന്നെയാണ് ലഭിക്കുക.

## ക്ലോസ്ഡ് ആംഗിൾ ഗ്ലോക്കോമ അല്ലെങ്കിൽ ആംഗിൾ ക്ലോഷർ ഗ്ലോക്കോമ




കണ്ണിന്റെ ഡ്രെയിനേജ് ആംഗിളിനെ ഐറിസ് പൂർണ്ണമായോ ഭാഗികമായോ മറക്കുമ്പോഴാണ് ക്ലോസ്ഡ് ആംഗിൾ ഗ്ലോക്കോമ ഉണ്ടാകുന്നത്. ഈ അവസ്ഥയിൽ സാധാരണയായി നേത്രമർദ്ദം വളരെ വേഗത്തിൽ വർദ്ധിക്കുന്നു.